# അമ്പരപ്പിച്ച് തെങ്ങിൻ ചങ്ങാതിമാർ

**ചെറുതോണി:** 65 അടി പൊക്കമുള്ള തെങ്ങിന്റെ 40 അടി ഉയരത്തെ ഒരു മിനിറ്റും 37 സെക്കൻഡും കൊണ്ട് കീഴടക്കിയപ്പോൾ ഉപ്പുതോടുകാരിയായ മഞ്ജു സജി എന്ന വീട്ടമ്മ സ്ഥാപിച്ചത് ദേശീയ റെക്കോഡ്. പുരുഷ വിഭാഗത്തിൽ ഒന്നാമതെത്തിയ കരിക്കുംമേട് കരിന്തലയിൽ സുനീഷ് മോഹൻ എന്ന 28കാരന് വേണ്ടിവന്നത് വെറും 33 സെക്കൻഡ്.

തെങ്ങുകയറ്റവും തനിക്ക് പുല്ലാണെന്ന് തെളിയിച്ച് ഉദ്ഘാടകനായി സർക്കാർ ചീഫ് വിപ്പ് പി.സി. ജോർജുംകൂടി എത്തിയതോടെ 'തെങ്ങിൻ ചങ്ങാതിക്കൂട്ട'മെന്ന പേരിൽ ഇടുക്കി പാണ്ടിപ്പാറയിൽ നടന്ന സംസ്ഥാന തെങ്ങുകയറ്റമത്സരം കാണാനെത്തിയവരും ആവേശത്തിന്റെ തലപ്പത്തെത്തി.

ദേശീയ നാളികേര വികസന ബോർഡ്, പാണ്ടിപ്പാറ മലനാട് യുവജന സാംസ്കാരിക വേദി, കരിക്കുംതൊളു നാളികേര ഉത്പാദക സംഘം, ഇടുക്കി ബ്ലോക്ക് നാളികേര ഉത്പാദകസംഘം എന്നിവ സംയുക്തമായാണ് രാജ്യത്താദ്യമായി ഇത്തരമൊരു മത്സരം സംഘടിപ്പിച്ചത്.

മലപ്പുറം, എറണാകുളം, കോട്ടയം, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽനിന്നായി 106 പുരുഷന്മാരും ഇടുക്കി ജില്ലയിൽനിന്നുള്ള അഞ്ച് വനിതകളുമാണ് പങ്കെടുത്തത്. അടുക്കളയിൽ മാത്രമല്ല, തെങ്ങിൽ കയറാനും ഒട്ടും പിന്നിലല്ലെന്ന് ഇവർ തെളിയിച്ചു. വനിതകളുടെ പ്രതിനിധ്യം കുറഞ്ഞത് കണ്ടപ്പോൾ തെങ്ങുകയറ്റത്തിലും 50 ശതമാനം വനിതാ സംവരണം വേണമെന്നായി പി.സി. ജോർജ്.

മലപ്പുറത്തുനിന്നുള്ള മത്സരാർഥികൾ തലേദിവസം തന്നെ സ്ഥലത്തെത്തിയിരുന്നു. പാണ്ടിപ്പാറ മാറാമറ്റം ബാബുവിന്റെ പുരയിടത്തിലെ 65 അടി പൊക്കമുള്ള തെങ്ങാണ് മത്സരത്തിനായി തെരഞ്ഞെടുത്തത്. യന്ത്രം ഉപയോഗിച്ച് 40 അടി ഉയരം ഏറ്റവും കുറഞ്ഞ സമയംകൊണ്ട് കയറുന്നവരാണ് വിജയികൾ.

വനിതകൾക്കും പുരുഷന്മാർക്കും പ്രത്യേക മത്സരമായിരുന്നു. പി.സി. ജോർജ് യന്ത്രം ഉപയോഗിച്ച് തെങ്ങിൽ കയറിയതോടെ മത്സരരംഗം ഉണർന്നു. പഴയരിക്കണ്ടം പുറത്തേൽ തോമസിന്റെ ഭാര്യ പുഷ്പമ്മയുടേതായിരുന്നു ആദ്യ ഊഴം.

വനിതാ വിഭാഗത്തിൽ മഞ്ജു സജി ദേശീയ റെക്കോഡോടെ ഒന്നാം സ്ഥാനം സ്വന്തമാക്കിയപ്പോൾ ഒരു മിനിറ്റ് 56 സെക്കൻഡു കൊണ്ട് കയറിയ മൈനാനിക്കൽ അലക്സിന്റെ ഭാര്യ ഗ്രേസിക്കാണ് രണ്ടാം സ്ഥാനം.

പുരുഷ വിഭാഗത്തിൽ മുരിക്കാശേരി കൊച്ചുപറമ്പിൽ കെ.കെ. ഉണ്ണി (43.3 സെക്കൻഡ്), തിരുവനന്തപുരം പുന്നക്കാമുകൾ സജിഭവൻ രതീഷ് (43.60), ഇടുക്കി ശാന്തിഗ്രാം കല്ലാനിക്കൽ ദിലീപ് കുമാർ (44.74) എന്നിവർക്കാണ് യഥാക്രമം രണ്ടും മൂന്നും നാലും സ്ഥാനങ്ങൾ.

ഒന്നാം സ്ഥാനക്കാർക്ക് ജില്ലാ സഹകരണ ബാങ്ക് വക 5001 രൂപയുടെ കാഷ് അവാർഡാണ് സമ്മാനം.